"ഭരണഭാഷ-മാതൃഭാഷ"

ആസ്ഥാന കാര്യാലയം ജയിൽ
വകുപ്പ്, കേരളം
പൂജപ്പുര, തിരുവനന്തപുരം - 12
ഫോൺ : 0471-2342532
ഇമെയിൽ : keralaprisons@gov.in
തീയതി : 12-07-2019

Kerala Prisons &
Correctional Services

## സർക്കുലർ നം 33

സോഫ്റ്റ്‌വെയർ അധിഷ്ഠിതമായ അയാപ്സ് സംവിധാനം ഉപയോഗപ്പെടുത്തി ഫയൽ നടപടികൾ നിർവ്വഹിച്ചുവരുന്ന ജയിലാസ്ഥാനകാര്യാലയത്തിൽ ഫയൽ നടപടികളുടെ കാര്യക്ഷമതയും കൃത്യതയും സുതാര്യതയും ഉറപ്പുവരുത്തേണ്ടത് അത്യാവശ്യമായതിനാൽ, ആയതിലേയ്ക്കായി, ഈ ഓഫീസിലെ എല്ലാ സെക്ഷനുകളിലേയും സീറ്റ് ക്ലർക്കുമാർ ഓരോ ഫയലിൻമേലിലും സ്വീകരിക്കുന്ന നടപടികൾ വിലയിരുത്തുന്നതിനും വിശകലനം ചെയ്യുന്നതിനുമായി ഓരോ സീറ്റിലേയും അയാപ്സ് സംവിധാനത്തിൽ ലഭ്യമാകുന്ന പേഴ്സണൽ രജിസ്റ്റർ ഉയർന്ന ഉദ്യോഗസ്ഥർ കൃത്യമായ ഇടവേളകളിൽ പരിശോധിക്കേണ്ടതുണ്ട്.ആയതിലേയ്ക്കായി സീറ്റ് ക്ലർക്കുമാർ ഓരോ മാസവും പേഴ്സണൽ രജിസ്റ്റർ സെക്ഷൻ സൂപ്രണ്ടുമാർ മുൻപാകെയും ഓരോ മൂന്നു മാസത്തെ ഇടവേളയിലും അതാത് സെക്ഷനുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്ന ഉയർന്ന ഉദ്യോഗസ്ഥർക്കു മുൻപാകെയും സമർപ്പിക്കേണ്ടതാണ്.ഇപ്രകാരം പരിശോധനയ്ക്കായി ലഭ്യമാകുന്ന പേഴ്സണൽ രജിസ്റ്ററുകൾ ഉദ്യോഗസ്ഥർ വിശകലനം ചെയ്യേണ്ടതും തുടർന്ന് ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ നിർദ്ദേശങ്ങൾ കീഴ്ജീവനക്കാർക്ക് നൽകേണ്ടതുമാണ്.

ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് & കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: 01) ജയിലാസ്ഥാനകാര്യാലയത്തിലെ എല്ലാ സെക്ഷൻ സൂപ്രണ്ടുമാർക്കും സീറ്റ് ക്ലർക്കുമാർക്കും.

പകർപ്പ് : അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ / ഫിനാൻസ് ഓഫീസർ / ചീഫ് വെൽഫെയർ ഓഫീസർ / പ്രോഗ്രാം ഓഫീസർ / ചീഫ് ഓഡിറ്റ് ഓഫീസർ / പി.എ. റ്റു ഡി.ജി.പി. / അക്കൌണ്ട്സ് ഓഫീസർ / സി.എ.റ്റു ഡി.ജി.പി. / സി.എ.റ്റു ഐ.ജി. / ഫയൽ / കരുതൽ ഫയൽ.

E5-14116/2019/PrHQ

f0d033